ഉത്തരം

(എ) കെ.ടി.ഡി.സി. ഈ വർഷം തിരുവനന്തപുരം സിറ്റി, കന്യാകുമാരി, ഊട്ടി, തേക്കടി, കൊടൈക്കനാൽ, മൂന്നാർ, പൊൻമുടി, തെൻമല, പമ്പ തുടങ്ങിയ സ്ഥലങ്ങളിലേക്ക് പ്രത്യേകം പ്രത്യേകം കണ്ടക്ടഡ് ടൂറുകൾ നടത്തുന്നു.

(ബി) താഴെ പറയുംപ്രകാരമാണ് സർവ്വീസുകൾ നടത്തുന്നത് :

1. തിരുവനന്തപുരം സിറ്റി കണ്ടക്ടഡ് ടൂറുകൾ
2. തിരുവനന്തപുരം-കോവളം-പദ്മനാഭപുരം പാലസ്-ശുചീന്ദ്രം-കന്യാകുമാരി-തിരുവനന്തപുരം
3. തിരുവനന്തപുരം-മലമ്പുഴ-ഗ്ലാക്ക് തണ്ടർ-ഊട്ടി-കോയമ്പത്തൂർ-തിരുവനന്തപുരം
4. തിരുവനന്തപുരം-തേക്കടി-കൊടൈക്കനാൽ-മധുര-കന്യാകുമാരി-തിരുവനന്തപുരം
5. തിരുവനന്തപുരം-വീഗാലാന്റ്-മൂന്നാർ-തിരുവനന്തപുരം
6. തിരുവനന്തപുരം-പൊൻമുടി-തിരുവനന്തപുരം
7. തിരുവനന്തപുരം-തെന്മല-തിരുവനന്തപുരം
8. തിരുവനന്തപുരം-പമ്പ-തിരുവനന്തപുരം.

(സി) നടപ്പു സാമ്പത്തികവർഷം ഇതുവരെ ഇതിൽ നിന്ന് 6,14,100 രൂപ വരുമാനം ഉണ്ടായിട്ടുണ്ട്. (ഏപ്രിൽ & മെയ്)

(ഡി) പ്രസ്തുത പദ്ധതി ലാഭകരമായിട്ടാണ് പ്രവർത്തിക്കുന്നത്.

ബേക്കൽ ടൂറിസം പദ്ധതിക്ക് വകയിരുത്തിയ തുകയുടെ അപര്യാപ്തത

134 (2413) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-2004 വർഷത്തെ ബഡ്ജറ്റിൽ ബേക്കൽ ടൂറിസം പദ്ധതിക്ക് എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളത് ;

(ബി) ബി.ആർ.ഡി.സി. നടപ്പിലാക്കി വരുന്ന സ്ഥലമെടുപ്പ്, അടിസ്ഥാന സൗകര്യ വികസനം, ജലവിതരണം തുടങ്ങിയ പദ്ധതിക്ക് എത്ര കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) ബഡ്ജറ്റിൽ നീക്കിവെച്ച തുക ബി. ആർ. ഡി. സി. -യുടെ പ്രവർത്തനങ്ങൾക്ക് തീരെ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ കൂടുതൽ തുക ബി.ആർ.ഡി.സി.-ക്ക് വകയിരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2003-04 സംസ്ഥാന ബഡ്ജറ്റിൽ 20 ലക്ഷം (ഇരുപത്). രൂപയാണ് ബേക്കൽ ടൂറിസം പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളത്.

(ബി) ഈ ആവശ്യത്തിനായി നടപ്പുവർഷം 3 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) കൂടുതൽ തുക വകയിരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ടൂറിസം വകുപ്പിന്റെ വാഹനങ്ങൾ

135 (2414) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പിൽ എത്ര വാഹനങ്ങൾ ഏതെല്ലാം ഇനത്തിൽ വാങ്ങിയിട്ടുണ്ട് ;

(ബി) ഇവ ഏതെല്ലാം കമ്പനികളിൽ നിന്നും എത്ര വീതം വാങ്ങി എന്നും, ഇവ ഓരോന്നിന്റെയും വില എത്രയെന്നും വ്യക്തമാക്കുമോ ;

(സി) ഇവ വാങ്ങുന്നതിനായി സ്വീകരിച്ച നടപടിക്രമം വ്യക്തമാക്കുമോ ;

(ഡി) തുടർന്നും വാഹനങ്ങൾ വാങ്ങുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ എത്ര വീതം എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 10 അംബാസിഡർ കാറുകൾ വാങ്ങിയിട്ടുണ്ട്.

(ബി) തിരുവനന്തപുരത്തെ അംഗീകൃത ഏജൻസികളായ മരിക്കാർ മോട്ടോഴ്സിൽ നിന്നും 8 കാറുകളും, എസ്കോ ആട്ടോമൊബൈൽസിൽ നിന്നും 2 കാറുകളും വാങ്ങിയിട്ടുണ്ട്. ടി കാറുകളുടെ വില ചുവടെ ചേർക്കുന്നു :

1.	മരിക്കാർ മോട്ടോഴ്സ് (8 കാറുകൾ)	- 32,59,149 രൂപ
2.	എസ്കോ ആട്ടോമൊബൈൽസ് (2 കാറുകൾ)	- 7,92,360 രൂപ

(സി) അംഗീകൃത വിതരണക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ മുഖേനയാണ് വാഹനങ്ങൾ വാങ്ങിയിട്ടുള്ളത്.

(ഡി) തീരുമാനമായിട്ടില്ല.